# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3916** **21.06.2019-ൽ മറുപടിക്ക്**

## കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകൾ

| | ചോദ്യം<br>ശ്രീ. വി.പി.സജീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ വൈദ്യുതി വിതരണം നടത്തുന്ന എക്സ്ട്രാ ഹൈ ടെൻഷൻ സബ് സ്റ്റേഷനുകളുടെ എണ്ണം അവയുടെ പേരുകൾ കമ്മീഷൻ ചെയ്ത വർഷം എന്നീ വിവരങ്ങൾ ഓരോ ട്രാൻസ്മിഷൻ സർക്കിൾ തലത്തിൽ തരം തിരിച്ച് നൽകുമോ ; | (എ) | ഉത്തരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (ബി) | മുകളിൽപ്പറഞ്ഞ ഓരോ സബ് സ്റ്റേഷനുകളിലെയും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) നിർവഹിക്കുന്ന ഷിഫ്റ്റ് ഓപ്പറേറ്റർ എന്ന ജോലി വർക്ക് കോൺട്രാക്ട് വ്യവസ്ഥ യിൽ കരാർ ഏറ്റെടുത്ത കരാറുകാരൻ/ കരാറുകാരുടെ പേര്, എത്ര ഷിഫ്റ്റ് ഡ്യൂട്ടികൾ ആണ് ഈ കരാറുകാരൻ/ കരാറുകാർ നിയമിച്ച ആൾക്കാർ ചെയ്തത്, കരാറുകാരൻ/ കരാറുകാർക്ക് എത്ര രൂപ യാണ് കരാർ തുക നൽകിയ ഇനത്തിൽ ചിലവാക്കിയത് എന്നുള്ളതുമായ കണക്കുകളും വിവരങ്ങളും 2017 ജനുവരി മുതൽ 2019 ജൂൺ വരെയുള്ള മാസങ്ങളും ഓരോ ട്രാൻസ്മിഷൻ സർക്കിളുകൾ തലത്തിൽ തരം തിരിച്ച് നൽകുമോ ; | (ബി) | 2017 ജനുവരി മുതൽ 2019 ജൂൺ മാസം വരെയുള്ള വിവരങ്ങൾ അനുബന്ധം II- ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിലവിൽ വൈദ്യുതി വിതരണം നടത്തുന്ന 220 കെ.വി., 110 കെ.വി., 66 കെ.വി. സബ് സ്റ്റേഷനുകളിൽ ഷിഫ്റ്റ് ഡ്യൂട്ടിയിൽ ഉള്ള ഷിഫ്റ്റ് ഓപ്പറേറ്റർ, ഷിഫ്റ്റ് അസിസ്റ്റന്റ് എന്നിവർ നിർവഹിക്കേണ്ട ജോലികളും ചുമതലകളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ; | (സി) | **<u>സബ്സ്റ്റേഷൻ ഓപ്പറേറ്റർമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും</u>**<br>1. ഷിഫ്റ്റ് ഡ്യൂട്ടി സമയത്ത് സബ് സ്റ്റേഷന്റെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുക്കുക.<br>2. സബ്സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ നിലവിലുള്ള നടപടി ക്രമങ്ങൾക്കനുസൃതമായി നിർവഹിക്കുക.<br>3. കീഴ് ജീവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളുടെ കൃത്യത ഉറപ്പാക്കുക<br>4. സബ്സ്റ്റേഷനുകളുടെ അനുബന്ധ ലൈനുകളിലെ ജോലികൾക്കായുള്ള പെർമിറ്റ് നൽകുകയും റദ്ദാക്കുകയും ചെയ്യുക<br>5. ഷിഫ്റ്റ് ഡ്യൂട്ടി സമയത്തെ ഓപ്പറേറ്റർമാർ ഡയറി പരിപാലിക്കുക<br>6. സബ്സ്റ്റേഷനുകളിലെ പ്രതിഷ്ഠാപനങ്ങളുടെ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് അസ്വാഭാവികതകൾ ദ്രുതഗതിയിൽ പരിഹരിക്കാനുള്ള നടപടികൾ കൈക്കൊള്ളുകയും സ്റ്റേഷന്റെ അറ്റകുറ്റ പണികളുടെ ചുമതലയുള്ള AE/JE ക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.<br>7. സബ്സ്റ്റേഷന്റെ ചുമതലയുള്ള AE യേയും അറ്റകുറ്റ പണികളുടെ ചുമതലയുള്ള JE യേയും കൃത്യ നിർവഹണത്തിൽ സഹായിക്കുക<br>8. കൂടാതെ ഓപ്പറേറ്റർമാർക്കായി പ്രത്യേകമായി നിഷ്കർഷിക്കുന്ന മറ്റു പ്രവൃത്തികൾ നിർവഹിക്കുക<br>**<u>ഷിഫ്റ്റ് അസിസ്റ്റന്റ്മാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും</u>**<br>1. സബ്സ്റ്റേഷനിലേക്ക് വരുന്ന ഫോൺ വിളികൾ കൃത്യമായി വിനയപുരസരം കൈകാര്യം ചെയ്യുക.<br>2. മേലുദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം പ്രതിഷ്ഠാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുക.<br>3. ഓപ്പറേറ്ററുടെ വ്യക്തമായ നിർദ്ദശങ്ങൾക്കനുസൃതമായി കൃത്യ |

| | | | |
|---|---|---|---|
| | | | നിർവ്വഹണം നടത്തുക.<br>4. അസ്വാഭാവികതകൾ ശ്രദ്ധയിൽപ്പെട്ടാൽ പെട്ടെന്ന് ഷിഫ്റ്റിലുള്ള ഓപ്പറേറ്റർമാരുടെ ശ്രദ്ധയിൽപ്പെടുത്തുക<br>5. സബ്സ്റ്റേഷനിലെ എർത്തിംഗ് സംവിധാനത്തിൽ നിലവിലെ നടപടിക്രമങ്ങൾക്കനുസരിച്ച് ആവശ്യമായ അളവിൽ ഈർപ്പം നിലനിർത്തുക<br>6. ഡ്യൂട്ടിയിലുള്ള ഓപ്പറേറ്റർമാരുടെ നിർദ്ദേശ പ്രകാരം പമ്പു സെറ്റുകളുടെയും കംപ്രസറുകളുടെയും പ്രവർത്തിപ്പിക്കൽ, ഉപകരണങ്ങൾക്ക് എണ്ണയും ഗ്രീസും ഇടുക, ഫ്യൂസായ ബൾബുകൾ മാറ്റുക തുടങ്ങിയ മറ്റു പ്രവൃത്തികൾ നിർവ്വഹിക്കുക |
| (ഡി) | കെ.എസ്.ഇ.ബി. ലിമിറ്റഡിനു നിലവിൽ പൂർണ്ണമായും ആധുനികവല്ക്കരിച്ച ഡിജിറ്റൽ നിലവാരത്തിൽ ഉള്ളതും ഒരു നിശ്ചിത സ്ഥലത്തിരുന്ന് ഓട്ടോമാറ്റിക്കായി പ്രവർത്തിപ്പിക്കുവാൻ കഴിയുന്നതും ആയ 220 കെ.വി., 110 കെ.വി., 66 കെ.വി. സബ് സ്റ്റേഷനുകൾ ഉണ്ടോ; എങ്കിൽ അവയുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | 66 കെ.വി സബ്സ്റ്റേഷൻ, തൃപ്പൂണിത്തുറ |

സെക്ഷൻ ഓഫീസർ